# മഅ്ദനിയുടെ മോചനം

**ആഗസ്റ്റ്** 1-ന് കേരളത്തിനു ലഭിച്ച ഒരു സുവാർത്തയായിരുന്നു പി.ഡി.പി ചെയർമാൻ അബ്ദുന്നാസിർ മഅ്ദനിയുടെ ജയിൽമോചനം. നീതിയെ സ്നേഹിക്കുന്നവർക്കും മനുഷ്യാവകാശപ്രവർത്തകർക്കും അത് കുറച്ചൊന്നുമല്ല ആശ്വാസം പകരുന്നത്. ചെറിയൊരു ന്യൂനപക്ഷമൊഴിച്ച്, ജാതി-മത-കക്ഷി ഭേദമന്യേ കേരളജനത പൊതുവിൽ പ്രതീക്ഷയോടെ കാത്തിരിക്കുകയായിരുന്നു ഈ മോചനം. മഅ്ദനി കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കപ്പെടുന്നതിൽ ആർക്കും എതിർപ്പുണ്ടായിരുന്നില്ല. പക്ഷേ, രോഗിയും വികലാംഗനും ഒരു സ്വതന്ത്ര സംഘടനയുടെ നായകനുമായ അദ്ദേഹം തമിഴ്നാട്ടിലെ മറ്റൊരു സംഘടനയുമായി ചേർന്ന് ഭീകരപ്രവർത്തനം നടത്തി എന്ന ആരോപണം സാമാന്യ യുക്തിക്ക് നിരക്കുന്നതായിരുന്നില്ല. അന്വേഷണ ഏജൻസികളാകട്ടെ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തു. അതിനാൽ ആദ്യം മഅ്ദനിയുടെ അറസ്റ്റിനെ സഹായിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തവർ പോലും ഒടുവിൽ അദ്ദേഹത്തിന്റെ മോചനത്തിനുവേണ്ടി ശബ്ദമുയർത്തിത്തുടങ്ങിയിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ ജിഹ്വകളും മനുഷ്യാവകാശവാദികൾക്കൊപ്പം തുടക്കം മുതലേ മഅ്ദനിക്ക് നീതി ലഭിക്കണമെന്ന് ശക്തിയുക്തം വാദിച്ചുപോന്നു. ഈ മുറവിളികൾ തികച്ചും ശരിയായിരുന്നുവെന്ന് വിധിച്ചിരിക്കുകയാണിപ്പോൾ, കോയമ്പത്തൂർ സ്ഫോടനക്കേസ് വിചാരണ ചെയ്ത പ്രത്യേക കോടതി.

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഏറ്റവുമധികം പ്രതികളുൾപ്പെട്ട കേസാണ് കോയമ്പത്തൂർ സ്ഫോടനകേസ്. വിചാരണത്തടവ് ഏറെ നീണ്ട കേസും ഇതുതന്നെ. 166 പ്രതികൾ. ഒമ്പതരവർഷം നീണ്ട വിചാരണത്തടവും. മഅ്ദനിയോടൊപ്പം മറ്റു മൂന്നു മലയാളികളെ കൂടി കോടതി വെറുതെ വിട്ടിരിക്കുന്നു. അവരും യുവാക്കളാണ്. അവരുടെ നിറയൗവനത്തിന്റെ ഒരു പതിറ്റാണ്ടാണ് കാരാഗൃഹത്തിൽ ഹോമിക്കപ്പെട്ടത്. ഇവരെല്ലാം വിചാരണത്തടവുകാർ എന്നതിലുപരി കൊടും കുറ്റവാളികളായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. അറിയപ്പെടുന്ന ജനനായകനായ മഅ്ദനിയോടുള്ള അധികൃതരുടെ പെരുമാറ്റം പത്രങ്ങൾ വല്ലപ്പോഴുമൊക്കെ പുറത്തുകൊണ്ടുവന്നിരുന്നു. അതിൽനിന്ന് ഊഹിക്കാവുന്നതേയുള്ളൂ മറ്റുള്ളവരുടെ അനുഭവം.

സ്ഫോടനക്കേസിലെ 14-ാം പ്രതിയായിട്ടാണ് മഅ്ദനി അറസ്റ്റ് ചെയ്യപ്പെട്ടത്. അദ്ദേഹത്തിനെതിരെ പ്രോസിക്യൂഷൻ ഹാജരാക്കിയ 25 സാക്ഷികളിൽ ആരുംതന്നെ അദ്ദേഹത്തിനെതിരായി മൊഴിനൽകിയിട്ടില്ല. എന്നിട്ടും മഅ്ദനിക്ക് ജാമ്യം നിഷേധിക്കപ്പെടുകയായിരുന്നു. ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമായി പത്തു തവണ മഅ്ദനി ജാമ്യാപേക്ഷ നൽകി. ഒരു കോടതിയും കനിഞ്ഞില്ല. ഓരോ ജാമ്യനിഷേധവും നീതിയുടെ സീമന്തത്തിൽ അനീതിയുടെ പെരുംകാൽ ഏൽപിക്കുന്ന ആഞ്ഞു ചവിട്ടായി അന്ന് പലർക്കും തോന്നിയത് തീർത്തും ശരിയായിരുന്നുവെന്ന് ഇപ്പോഴത്തെ വിധി സ്ഥിരീകരിക്കുന്നു. മുംബൈ സ്ഫോടനക്കേസിൽ ശിക്ഷിക്കപ്പെട്ട സഞ്ജയ് ദത്ത് ഇതുവരെ പുറത്ത് സിനിമയിലഭിനയിച്ചു നടക്കുകയായിരുന്നു. കുറച്ചു കാലമേ അദ്ദേഹത്തിന് വിചാരണാത്തടവുകാരനായി ജയിലിൽ കഴിയേണ്ടിവന്നിട്ടുള്ളൂ. കോയമ്പത്തൂർ സ്ഫോടന കേസിൽ ശിക്ഷിക്കപ്പെടാത്ത പ്രതികളുടെ വിചാരണത്തടവ് ഒമ്പതര വർഷം!

ഈ കാലത്തിനിടയിൽ ഒരിക്കൽ പോലും പരോൾ ലഭിക്കാത്ത തടവുകാരനായിരുന്നു അബ്ദുന്നാസിർ മഅ്ദനി. സ്വന്തം പിതാമഹി മരിച്ചപ്പോൾ അവരുടെ ഭൗതികശരീരം അവസാനമായി ഒരു നോക്കു കാണാനുള്ള പരോൾ അപേക്ഷ പോലും നിഷ്കരുണം നിരസിക്കപ്പെട്ടു. അതേസമയം രാജീവ് ഗാന്ധി വധക്കേസിൽ പ്രതിയായ നളിനിക്ക് സഹോദരിയുടെ വിവാഹത്തിൽ പങ്കെടുക്കാൻ പരോൾ ലഭിച്ചു. കോയമ്പത്തൂർ സ്ഫോടനക്കേസിലെ തന്നെ ഒന്നാം പ്രതി എസ്.എ ബാഷക്ക് പത്തിലധികം തവണ പരോൾ ലഭിക്കുകയുണ്ടായി. മറ്റു പ്രതികളും പലവട്ടം പരോൾ ലഭിച്ചവരാണ്.

ബോംബ് സ്ഫോടനത്തിൽ ഒരു കാൽ നഷ്ടപ്പെട്ട മഅ്ദനി കൃത്രിമ കാലുപയോഗിച്ചാണ് നടന്നിരുന്നത്. അത് ഇടക്കിടെ മാറ്റേണ്ടതുണ്ടായിരുന്നുവെങ്കിലും ജയിലിൽ അതിന്നനുമതിയുണ്ടായിരുന്നില്ല. പ്രമേഹം, രക്തസമ്മർദം, കഴുത്തുവേദന, നട്ടെല്ലു വേദന ഇങ്ങനെ പല രോഗങ്ങളാൽ പീഡിതനായിരുന്നു അദ്ദേഹം. മഅ്ദനിക്ക് ഉചിതമായ ചികിത്സ നൽകണമെന്ന് കേരളത്തിൽനിന്ന് ഔദ്യോഗികവും അനൗദ്യോഗികവുമായ ആവശ്യം പരക്കെ ഉയർന്നിട്ടും ഒന്നിനും കാര്യമായ പ്രതികരണമുണ്ടായില്ല. അദ്ദേഹത്തിന് വിദഗ്ധ ചികിത്സ നൽകണമെന്ന ഹൈക്കോടതി വിധി റദ്ദാക്കപ്പെടുകയാണുണ്ടായത്. ഇതിനൊക്കെപ്പുറമെ പോലീസിന്റെ ഭാഗത്തുനിന്നുള്ള നിർദയമായ പീഡനങ്ങളും അദ്ദേഹത്തിനേൽക്കേണ്ടിവന്നു. രോഗാതുരനും വികലാംഗനുമായ അദ്ദേഹത്തിനെതിരെ വധശ്രമമടക്കം നാലു കേസുകളും അവർ പുതുതായി ചാർജ്ചെയ്തു. 104 കിലോ ശരീര ഭാരവുമായി ജയിലിലെത്തിയ മഅ്ദനി 54 കിലോയിലേക്ക് കുറഞ്ഞ ഭാരവുമായിട്ടാണ് പുറത്തുവന്നത്.

അബ്ദുന്നാസിർ മഅ്ദനി അനുഭവിച്ച ഈ കൊടുംക്രൂരതകൾക്കെല്ലാം ആരാണ് സമാധാനം പറയേണ്ടത്? അദ്ദേഹം ഉൾപ്പെടെ ഒരു പറ്റം യുവാക്കളുടെ ജീവിതത്തിന്റെ വിലപ്പെട്ട പത്തു വർഷം തടവറയിൽ ഹോമിച്ചതിന് ആരാണുത്തരവാദി? സംശയിക്കപ്പെടുന്ന നിരപരാധി കുറ്റം തെളിയിക്കപ്പെട്ട അപരാധിയേക്കാൾ ശിക്ഷിക്കപ്പെടുന്ന സ്ഥിതിവിശേഷം നിയമവാഴ്ചയോ, അതല്ല അനീതിയുടെ തേർവാഴ്ചയോ? ജസ്റ്റിസ് വി. ആർ കൃഷ്ണയ്യരും ഡോ. സെബാസ്റ്റ്യൻ പോൾ എം.പിയും ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യൻ ക്രിമിനൽ ചട്ടങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമായിരിക്കുന്നുവെന്നാണ് ഈ ചോദ്യങ്ങൾ നമ്മോട് വിളിച്ചുപറയുന്നത്. ഉത്തരവാദപ്പെട്ടവർ അർഹിക്കുന്ന ഗൗരവത്തോടെ അത് കേൾക്കാൻ തയാറാകുമോ?

പരിക്ഷീണനെങ്കിലും കൂടുതൽ പക്വമതിയും പരിണിതപ്രജ്ഞനുമായിട്ടാണ് മഅ്ദനി ജയിലിൽനിന്ന് തിരിച്ചുവന്നിരിക്കുന്നത്. ജയിൽജീവിതം തന്നെ പലതും പഠിപ്പിച്ചതായും സ്വന്തം പാളിച്ചകൾ തിരിച്ചറിഞ്ഞതായും അദ്ദേഹം പറയുന്നുണ്ട്. മതേതര, ജനാധിപത്യ നിലപാടിലൂടെ തുടർന്നും മുന്നോട്ടുപോകണമെന്ന മുഖ്യമന്ത്രിയുടെ അഭിപ്രായം അദ്ദേഹം സ്വീകരിച്ചിരിക്കുന്നു. അടിച്ചമർത്തപ്പെട്ടവരുടെയും അവശവിഭാഗങ്ങളുടെയും ഉന്നമനത്തിന് സമാധാനപരമായി, ധാർമിക മൂല്യങ്ങളിൽ ഉറച്ചുനിന്ന് കൂടുതൽ ഊർജസ്വലമായി പ്രവർത്തിക്കാൻ അദ്ദേഹത്തിനും സംഘടനക്കും സാധിക്കുമാറാകട്ടെ എന്ന് ഞങ്ങൾ ആശംസിക്കുന്നു. ■